**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5322** **21-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സർവ്വീസുകളിൽ ഭിന്നശേഷി വിഭാഗങ്ങളിൽ നിന്നുള്ള എത്രപേരാണ് നിലവിൽ ജോലി ചെയ്തു വരുന്നതെന്ന് വകുപ്പ്, സ്ഥിരം ജോലി, എംപ്ലോയ്മെൻറ് മുഖേനയുള്ള താത്ക്കാലിക നിയമനം, കോൺട്രാക്ട് നിയമനം എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിൽ സെറിബ്രൽ പാൾസി വിഭാഗത്തിൽ നിന്നുള്ള എത്രപേർക്കാണ് സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | സെറിബ്രൽ പാൾസി വിഭാഗത്തിൽ നിന്നുള്ളവർക്ക് സർക്കാർ സർവ്വീസിൽ ആനുപാതികമായി നിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം ലഭിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | 1995-ലെ ഭിന്നശേഷി നിയമ പ്രകാരം നിയമനങ്ങളിൽ 3% സംവരണം അനുവദിച്ചിട്ടുള്ളതിൽ 1% അനുവദിച്ചിട്ടുള്ളത് ലോക്കോമോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിനാണ്. 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ് പ്രകാരം സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് 49 കോമൺ കാറ്റഗറി തസ്തികകൾ സെറിബ്രൽ പാൾസി രോഗബാധിതർ, മാനസികവെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്ന ഭിന്നശേഷിക്കാർക്കായി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| (ഡി) | ആശ്വാസകിരണം പദ്ധതി മുഖേനയുള്ള ധനസഹായം അവസാനമായി വിതരണം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; എത്ര മാസത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുക ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 7 മാസത്തെ കുടിശ്ശിക ധനസഹായം |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ